**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1516** **19-09-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ മേഖലയിലെ പ്രവേശന നിരക്ക്, പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവരുടെ (ഡ്രോപ്പ്ഔട്ട്) നിരക്ക്, വിജയ നിരക്ക് എന്നിവയുടെ കണക്കുകൾ 2024 - 2025 വർഷത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ? | (എ) | i) 2024-25 വർഷത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ കേരളത്തിലെ പട്ടികവർഗ്ഗ പ്രവേശന നിരക്ക് 84.56 ആണ്.<br><br>ii) 2024-25 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് ആകെ പഠനം നടത്തിയ 68,513 പട്ടികവർഗ്ഗ വിദ്യാർഥികളിൽ 627 വിദ്യാർഥികളാണ് പഠനം പാതിവഴിയിൽ ഉപേക്ഷിച്ചത്. പട്ടികവർഗ്ഗ വിദ്യാർഥികളുടെ ഡ്രോപ്പ് ഔട്ട് നിരക്ക് 0.92 ആണ്.<br><br>iii) 2024-25 അധ്യയന വർഷത്തിൽ 7,279 പട്ടികവർഗ്ഗ വിദ്യാർഥികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതുകയും അതിൽ 7,135 പേർ യോഗ്യത നേടുകയും ചെയ്തു. ഇവരുടെ വിജയനിരക്ക് 98.02 ആണ്. |

സെക്ഷൻ ഓഫീസർ